


# മനുഷ്യത്വമുള്ളവരാകാൻ

പുറ. 16: 13 – 21; 1 രാജാ. 19: 1 – 18; 1 കോറി 10: 14 – 21; യോഹ. 6: 47 – 59

ബ്ര. നിധിൻ തലയാറ്റംപള്ളി MCBS

Vol. 12, Issue: 37

**ദി**വ്യകാരുണ്യ ഈശോയിൽ സ്നേഹം നിറഞ്ഞ സഹോദരീസഹോദരന്മാരേ,

യാത്രകൾ ഏറെ ഇഷ്ടപ്പെടുന്നവരാണ് നാം. ഇന്നത്തെ വിശുദ്ധ ഗ്രന്ഥവായനകളും യാത്രകളെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. ഈജിപ്ത് ദേശത്തു നിന്ന് വാഗ്ദത്ത നാടായ കാനാനിലേക്കുള്ള ഇസ്രായേൽ ജനത്തിന്റെ യാത്രയെക്കുറിച്ചാണ് ഒന്നാം വായനയിൽ നാം ശ്രവിച്ചത്. ചെങ്കടൽ കടന്ന് വാഗ്ദത്തനാട്ടിലേക്കുള്ള യാത്രയുടെ ആരംഭത്തിൽ തന്നെ ഇസ്രായേൽ ജനം ദൈവത്തോട് ആവലാതികൾ ഉന്നയിക്കുകയാണ്. ഈജിപ്തിലെ ഇറച്ചിപ്പാത്രത്തെപ്പറ്റി അവർ വിഷമിച്ചിരുന്നപ്പോൾ ദൈവം സ്വർഗ്ഗം തുറന്ന് അവർക്കു മന്ന നൽകി.

രണ്ടാമത്തെ വായനയിൽ നാം ശ്രവിച്ചത് ഏലിയാ പ്രവാചകന്റെ യാത്രയെക്കുറിച്ചാണ്. പഴയനിയമ പ്രവാചകരിൽ ഏറ്റവും ശക്തനും ധീരനുമായ പ്രവാചകൻ ജെസബെൽ രാജ്ഞിയുടെ ഭീഷണിയെ ഭയന്ന് ഹൊറേബ് മലയിലേക്ക് പലായനം ചെയ്യുകയാണ്. യാത്രാമധ്യേ മരുഭൂമിയിൽ തളർന്നുവീഴുന്ന പ്രവാചകൻ ദൈവത്തോട് മരണത്തിനു വേണ്ടി യാചിക്കുന്നു. എന്നാൽ ദൈവം അപ്പവുമായി മാലാഖയെ അയയ്ക്കുന്നു. അപ്പം ഭക്ഷിച്ച് ശക്തി പ്രാപിച്ച പ്രവാചകൻ നാൽപതു ദിനരാത്രങ്ങൾ യാത്ര ചെയ്ത് ദൈവത്തിന്റെ മലയായ ഹൊറേബിൽ എത്തിച്ചേരുന്നു. മനുഷ്യന്റെ ആവശ്യനേരങ്ങളിൽ അപ്പമായി അവതരിക്കുന്നവനാണ് ദൈവം.

ഇന്നത്തെ സുവിശേഷത്തിലൂടെ ഈശോ തന്നെത്തന്നെ ലോകത്തിനു ജീവന്റെ അപ്പമായി വെളിപ്പെടുത്തിക്കൊടുക്കുകയാണ്. ഗലീലിക്കടലിന്റെ മറുകരയിൽ നിന്നും കഫർണ്ണാമിലെത്തിയ ഈശോ

സിനഗോഗിലേക്കുള്ള യാത്രയിലാണ്. കഫർണ്ണാം എന്ന പ്രദേശം ധാന്യപ്പുരകളാലും ഒലിവ് ചക്കുകളാലും സമ്പന്നമായ പ്രദേശമാണ്. ഈശോ തന്റെ പരസ്യജീവിതകാലത്ത് ഏറ്റവും കൂടുതൽ അത്ഭുതങ്ങൾ പ്രവർത്തിച്ച ഇടം കൂടിയാണ് കഫർണ്ണാം. അതുകൊണ്ടു തന്നെ ഈശോയുടെ വചനങ്ങൾ മനസിലാക്കാൻ ഒരുക്കപ്പെട്ടവരായിരുന്നു അവിടുത്തെ ജനങ്ങൾ. ജീവന്റെ അപ്പമായി ഈശോ തന്നെത്തന്നെ അവതരിപ്പിച്ചപ്പോൾ അദ്ധ്വാനിക്കാതെ അന്നം തരുന്ന ഒരു രാജാവിനെയാണ് അവർ ഈശോയിൽ കണ്ടത്. എന്നാൽ ഈശോ സ്വയം അവതരിപ്പിക്കുന്നത് തന്റെ ശരീരം മനുഷ്യനു ഭക്ഷണമായി കൊടുക്കുന്ന മനുഷ്യനായിട്ടാണ്. യോഹ. 6:35 -ൽ ഈശോ തന്നെത്തന്നെ വിശേഷിപ്പിക്കുന്നത് 'ജീവനുള്ള അപ്പം' എന്നാണ്. 6-ാം അദ്ധ്യായം 51-ാം വാക്യത്തിൽ 'ജീവനുള്ള അപ്പ'ത്തെ ഈശോ തന്റെ 'ശരീര'വുമായി താദാത്മ്യപ്പെടുത്തുന്നു. ഇതുവഴി ഈശോ തന്റെ മനുഷ്യസത്തയെ അരക്കിട്ടുറപ്പിക്കുകയാണ്. ഈശോയുടെ മനുഷ്യത്വം നാം വിശ്വാസപ്രമാണത്തിലൂടെ ഏറ്റുപറയുന്ന വിശ്വാസ -സത്യമാണ്. യോഹന്നാന്റെ ഒന്നാം ലേഖനം 4,2 ഇപ്രകാരം പറയുന്നു: ''ഈശോമിശിഹാ ശരീരം ധരിച്ചുവെന്ന് ഏറ്റുപറയുന്ന ആത്മാവ് ദൈവത്തിൽ നിന്നാണ്.''

ഈശോയുടെ ശരീരവും രക്തവും ഭക്ഷിക്കുന്ന നമ്മൾ അവിടുത്തെ മനുഷ്യത്വത്തെ പൂർണ്ണമായി ഉൾക്കൊള്ളുന്നു. പഴയനിയമത്തിലെ നിയമബന്ധിതമായ ദൈവിക ചിന്താധാരയെ മനുഷ്യത്വപരമായ സമീപനത്തിലൂടെ ഈശോ കൂടുതൽ മൃദുവാക്കിത്തീർത്തു. പൗലോസ് ശ്ലീഹാ കോറിന്തോസുകാർക്കുള്ള ഒന്നാം ലേഖനം 10:16 -ൽ ഇപ്രകാരം ചോദിക്കുന്നു: ''നാം മുറിക്കുന്ന അപ്പം ക്രിസ്തുവിന്റെ ശരീരത്തിലുള്ള ഭാഗഭാഗിത്വമല്ലേ?'' ക്രിസ്തുവിന്റെ ശരീരത്തിൽ ഭാഗമാകുന്ന നാമും കൂടുതൽ മനുഷ്യത്വമുള്ളവരായി മാറേണ്ടത് അത്യാവശ്യമല്ലേ?

അയൽക്കാരനോട് കുറച്ചുകൂടി സ്നേഹത്തിൽ പെരുമാറാൻ, പ്രായമായ മാതാപിതാക്കൾക്ക് കുറച്ചുകൂടി കരുതൽ നൽകാൻ, പ്രയാസമനുഭവിക്കുന്നവരോട് കുറച്ചുകൂടി മൃദുവായി പെരുമാറാൻ, ജീവിതപങ്കാളിയെ കുറച്ചുകൂടി ബഹുമാനിക്കാനും സ്നേഹിക്കാനും ഇപ്രകാരം മനുഷ്യസാധാരണമായ പ്രവൃത്തികളിൽ നാം കുറച്ചുകൂടി ജീവിതം ആസ്വദിക്കണം. യോഹ. 2:25 -ൽ പറയുന്നു: ''മനുഷ്യനിലുള്ളത് എന്താണെന്ന് അവൻ വ്യക്തമായി അറിഞ്ഞിരുന്നു.'' നമ്മുടെ ഉള്ളിലെ കരുണയും സ്നേഹവും സാഹോദര്യവും അനുകമ്പയും എളിമയും ഈശോക്ക് ആവശ്യമുണ്ട്.

ഈശോയുടെ ശരീരവും രക്തവും ഉൾക്കൊള്ളുന്നവർ എന്ന നിലയ്ക്ക് നമ്മുടെ ധർമ്മവും സമ്പൂർണ്ണ മനുഷ്യനാവുക എന്നതാണ്. വി. അഗസ്റ്റിൻ പറയുന്നു: ''ദൈവം സർവ്വശക്തനാണെങ്കിലും വിശുദ്ധ കുർബാനക്കപ്പുറം മറ്റൊന്നും നൽകാൻ അവിടുത്തേക്ക് സാധ്യമല്ല.''കുർബാനയിൽ ഈശോ തന്നെത്തന്നെ പരിധികളില്ലാതെ നൽകുമ്പോൾ നാമും നമ്മുടെ ചുറ്റുമുള്ളവർക്ക് അതുപോലെ തന്നെ നൽകേണ്ടതല്ലേ. കുറച്ചുകൂടി മനുഷ്യത്വപരമായി ജീവിക്കാൻ വേണ്ട കൃപക്കായി നമുക്ക് തയ്യാറാകാം.